II ഇ.ബി. XV- കേരള നിയമസഭ/VIII-16

**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 16, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള ആരംഭിച്ചയുടൻ 15-03-2023-ന് സഭയ്ക്കകത്തും സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന സംഭവങ്ങൾ നിർഭാഗ്യകരമാണെന്നും പ്രതിപക്ഷാംഗങ്ങൾ സഭാനടപടികളോട് സഹകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷ പ്രതിഷേധത്തെ നേരിട്ട രീതി അപലപനീയമാണെന്നും അതിന്മേൽ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

77 (*451) <u>റേഷൻ കടകളുടെ വിപുലീകരണം</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സേവനങ്ങളും റേഷൻ കടയുടമകൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിനുമായി 'കെ-സ്റ്റോർ' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതായും ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും 2 കിലോമീറ്റർ ചുറ്റളവിൽ ബാങ്ക്, അക്ഷയ കേന്ദ്രങ്ങൾ, സപ്ലൈകോ ഔട്ട്‌ലെറ്റുകൾ എന്നിവയില്ലാത്ത അഞ്ച് കടകൾ വീതം തെരഞ്ഞെടുത്ത് പൊതുജനസേവന കേന്ദ്രങ്ങളാക്കുന്നതിനും അവയിലൂടെ മിൽമ ഉല്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ വിപണനം നടത്താനും രണ്ടാംഘട്ടത്തിൽ കെ-സ്റ്റോറുകളാക്കുന്നതിന് താൽപ്പര്യപ്പെടുന്ന റേഷൻ കടകളെക്കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ വിപുലീകരണം പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. നടപ്പുസാമ്പത്തിക വർഷം ഡിസംബർ വരെ പ്രതിമാസം ശരാശരി 47.5 കോടി രൂപ കമ്മീഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും PMGKAY വിതരണമില്ലാത്ത 2023 ജനുവരി മാസത്തിൽ 32,38,10,197/-രൂപ കമ്മീഷൻ ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം 103124.866 മെട്രിക് ടൺ അരി പ്രതിമാസം

കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായി വരുന്നതായും ചില ജില്ലകളിൽ ആവശ്യത്തിനനുസരിച്ച് പുഴുക്കലരി ലഭ്യമാകാത്ത സാഹചര്യത്തിൽ 50 ശതമാനം പുഴുക്കലരി നൽകാൻ എഫ്.സി.ഐ.യ്ക്ക് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നിലവിൽ വന്നതോടെ കേന്ദ്ര സർക്കാർ റേഷൻ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയെന്നും ടേഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിച്ചിട്ടില്ലെന്നും മുൻഗണനേതര വിഭാഗങ്ങൾക്ക് 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യഥാക്രമം 10, 8 കിലോഗ്രാം വീതവും നീല കാർഡിലെ ഓരോ അംഗത്തിന് രണ്ട് കിലോഗ്രാം വീതവും അരി വിതരണം ചെയ്തുവരികയാണെന്നും അർഹരായവർ മാത്രമേ മുൻഗണനാ കാർഡ് കൈവശം വച്ചിട്ടുള്ളൂവെന്ന് ഉറപ്പാക്കുന്ന 'ഓപ്പറേഷൻ യെല്ലോ' പദ്ധതി വ്യാപിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും '2023' അന്താരാഷ്ട്ര മില്ലറ്റ് വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ റേഷൻ കടകൾവഴി മുൻഗണനാ വിഭാഗങ്ങൾക്ക് റാഗി വിതരണം ചെയ്യാനും സ്കൂളുകളിലും അങ്കണവാടികളിലും റാഗിയുടെ ഉപയോഗം സംബന്ധിച്ച്

പ്രചരണം നടത്താനും തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം രാവിലെ 9.12-ന് റദ്ദ് ചെയ്തു.)